റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) : സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ തുറവൂരിൽ ഏപ്രിൽ രണ്ടാം തീയതി രാത്രി കൊടുങ്കാറ്റുണ്ടായി. അയ്യമ്പുഴയിലേയും മഞ്ഞപ്രയിലേയും അതുപോലെ മറ്റുസ്ഥലങ്ങളിലേയും കൃഷിക്കും കൊടുങ്കാറ്റുകൊണ്ട് നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. അവിടെ തഹശീൽദാർ പോയി കാര്യങ്ങളെല്ലാം നോക്കി. കളക്ടർ ഇന്ന് അങ്ങോട്ടു പോകുന്നുണ്ട്. കൃഷിവകുപ്പുദ്യോഗസ്ഥൻമാർ ഇത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ആവശ്യമായ സഹായങ്ങൾ ഇവർക്ക് നൽകാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

VII റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

ജില്ലാ കൗൺസിലുകൾക്കായുള്ള ധനകാര്യ കമ്മീഷന്റെ രൂപീകരണം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥ മേനോൻ) : സർ, ജില്ലാ കൗൺസിൽ നിയമം 51-ാം വകുപ്പുപ്രകാരം ജില്ലാ കൗൺസിലുകൾക്കായുള്ള ധനകാര്യ കമ്മീഷനെ സംബന്ധിച്ച വിശദാംശങ്ങൾ ഈ സഭ പിരിയുന്നതിനുമുമ്പായി സഭയെ അറിയിക്കാമെന്ന് ഞാൻ പറഞ്ഞിരുന്നത് ഓർക്കുമല്ലോ. പ്രൊഫസർ ഐ. എസ്. ഗുലാത്തി ചെയർമാനും ഡോ. എസ്. ബി. സെൻ, എം. മോഹൻകുമാർ (ധനകാര്യ വകുപ്പു കമ്മീഷൻ ആൻറ് സെക്രട്ടറി) എന്നിവർ അംഗങ്ങളുമായുള്ള ഒരു ധനകാര്യകമ്മീഷനെ നിയമിക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കുന്നു. സംസ്ഥാന സർക്കാരിൽ നിന്നും ജില്ലാ കൗൺസിലുകളിലേക്കുള്ള ധനസഹായത്തിന്റെ രീതി നിർണ്ണയിക്കുക, ജില്ലാ കൗൺസിലുകൾക്കുള്ള ഗ്രാൻറ്-ഇൻ-എയ്ഡിനുള്ള തത്വങ്ങൾ നിർദ്ദേശിക്കുക, ഗ്രാൻറ്-ഇൻ-എയ്ഡും മറ്റു സഹായങ്ങളും ഏത് തീയതി മുതൽ നൽകിത്തുടങ്ങണമെന്ന് നിർദ്ദേശിക്കുക, ജില്ലകളിൽ നിന്നും സംസ്ഥാനസർക്കാർ പിരിച്ചെടുക്കുന്ന ഏതെങ്കിലും നികുതികളിൽ ഒരു പ്രത്യേക വിഹിതം ജില്ലാകൗൺസിലുകൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കുക, ജില്ലാകൗൺസിലുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ചുമതലകൾ കണക്കിലെടുത്തുകൊണ്ട് പദ്ധതിയേതര ചെലവുകൾക്ക് ആവശ്യമായിവരുന്ന പണം എത്രയെന്ന് കണക്കാക്കുക, നിലവിലുള്ള ധന വിനിയോഗ രീതിയുടെ വെളിച്ചത്തിൽ സംസ്ഥാനവും കൗൺസിലുകളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും തമ്മിലുള്ള ധനപരമായ ബന്ധം പരിശോധിക്കുക, പിരിച്ചെടുക്കുന്ന നികുതികളും ഫീസുകളും ബന്ധപ്പെടുത്തി ജില്ലാ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തുകയും ഏതെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ നിർദ്ദേശിക്കുകയും ചെയ്യുക, റിപ്പോർട്ട് കാലത്ത് സംസ്ഥാന സർക്കാരിൽ നിന്ന് ജില്ലാകൗൺസിലിലേക്കുള്ള വിഹിതം നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനതത്വങ്ങൾ നിർദ്ദേശിക്കുക എന്നിവയാണ് കമ്മീഷനുനൽകിയിട്ടുള്ള പരിശോധനാ വിഷയങ്ങൾ. നല്ല ഒരു ധനകാര്യ മാനേജുമെൻറും കാര്യക്ഷമമായ പ്രവർത്തനവും ലക്ഷ്യമാക്കിക്കൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ കൂടി പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. (1) നിലവിലുള്ള വികസന പ്രവർത്തനങ്ങളും അതിനാവശ്യമായ പണവും ജില്ലാ കൗൺസിലുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറുന്നതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് പ്രാദേശികാസമത്വങ്ങൾ കുറയ്ക്കുകയെന്ന കാഴ്ചപ്പാടോടു കൂടി വേണ്ട ദേഗതികൾ നിർദ്ദേശിക്കുകയും ചെയ്യുക. (2) ഗവൺമെൻറിൽ നിന്നും ജില്ലാ കൗൺസിലുകളിൽ നിന്നും പഞ്ചായത്തുകളിലേക്കും ഇതര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും ധനം കൈമാറുന്നതിനും വേണ്ടി അടിസ്ഥാനമാക്കേണ്ട മാനദണ്ഡങ്ങൾ നിർദ്ദേശിക്കുക. ഈ കമ്മീഷന്റെ കാലാവധി ആറു മാസമായിരിക്കും.

VIII നിയമ നിർമ്മാണ കാര്യം

സെലക്ട് കമ്മറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ (ചർച്ച തുടർച്ച)

മാറ്റിവച്ചിരുന്ന 2-ാം വകുപ്പിന്റെ പരിഗണന

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, രണ്ടാം വകുപ്പിൽ distinction restriction എന്നീ വാക്കുകളെ സംബന്ധിച്ച് discrimination restraint മറ്റുമാണ് വന്നിരിക്കുന്നത്. ഞങ്ങൾ പരിശോധിച്ചപ്പോൾ distinction restriction കുറെക്കൂടി വിപുലമായിട്ടുള്ളതാണ്. അതുകൊണ്ട് distinction as to sex ആണ്. Exercise by women of fundamental constitutional rights വരുമ്പോൾ അതിലെല്ലാം discrimination-നും മറ്റും അതിനെതിരായിട്ടാണ് വരുന്നത്. They have got equal rights. അതുകൊണ്ട് distinction, restriction എന്നുള്ള വാക്കുകൾ വിപുലമായിട്ടുള്ള വിധത്തിൽ ചേർത്തതാണ്. ഞങ്ങൾ ഇന്നലെ ഒന്നുകൂടി ആലോചിച്ചു നോക്കി. ഈ വാക്കുകൾ എഴുതി ചേർത്ത് കഴിഞ്ഞതിനുശേഷവും നമ്മുടെ എല്ലാ ഡിപ്പാർട്ടുമെൻറിൽ ഉള്ളവരേക്കാൾ വിദഗ്ദ്ധൻമാരായിട്ടുള്ള ആളുകളുമായി ചർച്ചചെയ്തു. ഇന്നലെ ഞങ്ങൾ പരിശോധിച്ചിട്ട് ഈ വാക്ക് ഒന്നുകൂടി വിപുലമായിട്ടുള്ള വിധത്തിൽ ചേർക്കുന്നതാണ് നല്ലത് എന്ന അഭിപ്രായം ഞങ്ങൾക്കാണ്. ഞാൻ അങ്ങയുടെ കൂടി ഉപദേശം തേടുകയാണ്. അവസാനം നമ്മൾ എഴുതിചേർത്തിരിക്കുന്നതിൽ..... "or the mental or physical torture or sexual excesses on women" എന്നാണ്. It is so wide Excess എന്നുള്ള വാക്കിനു പകരം ഞങ്ങൾ ഇന്നലെ നോക്കിയിട്ട് ഒരു വാക്കും കണ്ടില്ല. ടി. എം. ജേക്കബ് ഒരു വാക്കും തന്നില്ല. അത് വളരെ വൈഡാണ്. പോലീസ് എക്സസ് ആണ് എന്നൊക്കെ നമ്മൾ പറയുന്നുണ്ട്. അതുകൊണ്ട് ഈ വാക്ക് തന്നെ മതിയോ എന്നുകൂടി പരിശോധിക്കണം. എന്താണെന്നുവച്ചാൽ unfair practice-ന്റെ നിർവചനത്തെ സംബന്ധിച്ച 2-ാം വകുപ്പ് നമ്മൾ ഒടുവിൽ പാസ്സാക്കിയാലും വേണ്ടില്ല. അതിനെ സംബന്ധിച്ച് ലീഗൽ ഡിക്ഷ്ണറിയോ മറ്റോ വച്ച് അങ്ങയും കൂടി നോക്കണം. ഏത് അഭിപ്രായവും സ്വീകരിക്കാൻ തയ്യാറാണ്. കാരണം ആ ഡെഫനിഷൻ വളരെ നന്നായിരിക്കണം. അതുകൊണ്ട് അങ്ങയുടെ കൂടി സഹായം അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഞാൻ നോക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly